


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA. PHONE: 8234

വാല്യം 5 | 1988 സെപ്റ്റംബർ 23 | ലക്കം 30


# ആബൂനാ മെർക്കോറിയസ് എത്യോപ്യൻ പാത്രിയക്കീസ്

(സ്വന്തം ലേഖകൻ)

കോട്ടയം: എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായി ആബൂനാ മെർക്കോറിയോസ് അഭിഷിക്തനായി. ഈ കഴിഞ്ഞ സെപ്റ്റംബർ 4 ന് ആഡീസ് അബാബായിലെ ഹോളി ട്രിനിററി കത്തീഡ്രലിൽ നടന്ന ഹൃദ്യമായ ചടങ്ങിൽ വച്ചാണ് സ്ഥാനാരോഹണ ശുശ്രൂഷ നടന്നത്.

എത്യോപ്യൻ പാത്രിയക്കീസായിരുന്ന ആബൂനാ തെക്ലേ ഹൈമോനോട്ടിൻെറ നിര്യാണത്തെ തുടർന്നാണ് നിയുക്ത പാത്രിയർക്കീസ് സ്ഥാനാരോഹിതനായത്. ആഗോള ക്രൈസ്തവ സഭാ പ്രതിനിധികളായ ഒട്ടനവധി പ്രമുഖർ പങ്കെടുത്ത സ്ഥാനാരോഹണ ശുശ്രൂഷയിൽ ഇൻഡ്യൻ ഓർത്തഡോക്സ് സഭയുടെ പ്രതിനിധിയായി പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും സംബന്ധിച്ചിരുന്നു. ശുശ്രൂഷാനന്തരം ചേർന്ന അനുമോദന സമ്മേളനത്തിൽ മലങ്കര സഭയുടെ പരമാദ്ധ്യക്ഷനായ പ: ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസിലെ ആശംസാ സന്ദേശം വായിക്കുകയുണ്ടായി. മലങ്കര ഓർത്തഡോക്സ് സഭയുമായി വി: കുർബ്ബാനാ ഐക്യംഉള്ള സഹോദരീ സഭയാണ് എത്യോപ്യൻ ഓർത്തഡോക്സ്സഭ. (ഡോ: പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തയ്യാക്കിയ വിശദമായ റിപ്പോർട്ട്

(ശേഷം പേജ് 5 കാണുക)

# കെ. സി. സി. വാർഷികം മാവേലിക്കരയിൽ

(പ്രത്യേക ലേഖകൻ)

മാവേലിക്കര: കേരളാ ക്രിസ്ത്യൻ കൗൺസിലിൻെറ അടുത്ത വാർഷിക സമ്മേളനം 1988 ഡിസംബർ 27, 28, 29 തീയതികളിൽ മാവേലിക്കരയിൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത സമ്മേളനത്തിൽവെച്ച് അടുത്ത മൂന്നു വർഷത്തേക്കുള്ള പരിപാടികൾ ആവിഷ്ക്കരിക്കുകയും, പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്യുന്നതാണ് 1989-ൽ 50-ാം വയസ്സിലേക്കു കടക്കുന്ന സംഘടനയുടെ കനക ജൂബിലി ആഘോഷങ്ങളെപ്പററി ആലോചിച്ചു തീരുമാനമെടുക്കുന്നതുമാണ്.

വാർഷികാഘോഷങ്ങൾ വിജയിപ്പിക്കുവാൻവേണ്ടി കെ. സി. സി. പ്രസിഡണ്ട് ഗീവറുഗീസ് മാർ ഒസ്താത്യോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വിവിധ കമ്മററികളെ തിരഞ്ഞെടുത്തു. ഫാ. മത്തായി വിളനിലം, റവ. തോമസ് നൈനാൻ, റവ. എം. ഇ. ജോൺ എന്നിവർ ഫിനാൻസ്, റിസപ്ഷൻ, പബ്ലിസിററി എന്നീ കമ്മിററികളുടെ അദ്ധ്യക്ഷൻമാരായിരിക്കും.

കേരളത്തിലെ ക്രൈസ്തവ സഭകളുടെ സംഘടനയായ കെ. സി. സി. യിൽ (കേരള കൗൺസിൽ ഓഫ് ചർച്ചസ്) 12 ക്രൈസ്തവ സഭകൾ അംഗങ്ങളാണ്. 15 ക്രൈസ്തവ സ്ഥാപനങ്ങൾ അസോഷ്യേററ് അംഗങ്ങളുമാണ്.

## വൈദിക സെമിനാരി പാരീഷ് മിഷൻ

കോട്ടയം: ഓർത്തഡോക്സ് വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ക്രിസ്തുമസ്, മദ്ധ്യവേനൽ അവധിക്കാലങ്ങളിൽ ഇടവകകളിൽ നടത്തുന്ന സുവിശേഷ പ്രവർത്തനമാണ് പാരീഷ് മിഷൻ. സുവിശേഷ പ്രസംഗങ്ങൾ; കുട്ടികൾക്ക് ഗാനപരിശീലനം, മുതിർന്നവർക്ക് വിശ്വാസസംബന്ധമായ ക്ലാസുകൾ; ഭവന സന്ദർശനം, രാത്രിയോഗങ്ങൾ; ഫിലിം പ്രദർശനം എന്നിവയാണ് പ്രധാന സുവിശേഷ പരിപാടികൾ. പാരീഷ് മിഷൻ നടത്തുവാൻ ആഗ്രഹിക്കുന്ന ഇടവകകൾ ഫാ: ടി. ജെ. ജോഷ്വാ; പാരീഷ് മിഷൻ ഡയറക്ടർ; ഓർത്തഡോക്സ് സെമിനാരി: പി. ബി. 98 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

# പെങ്ങാമുക്ക് പള്ളി സംരക്ഷണം പുതിയ കമ്മററി രൂപീകരിച്ചു.

(സ്റ്റാഫ് എഡിററർ)

പഴഞ്ഞി: പെങ്ങാമുക്ക് പള്ളിയിൽ അടുത്തിടെ ഉണ്ടായ അനിഷ്ട സംഭവങ്ങളുടെ വെളിച്ചത്തിൽ പള്ളി സംരക്ഷണത്തിനായി പുതിയ ഒരു കമ്മററിയെ നിയോഗിച്ചു. പ. ബാവാ തിരുമനസ്സിലെ കല്പന പ്രകാരം കുന്നംകുളം ഭദ്രാസനത്തിലെ എല്ലാ പള്ളികളിൽനിന്നുമുള്ള പ്രതിനിധികൾ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ പഴഞ്ഞി സെൻറ് മേരീസ് പള്ളിയിൽ സമ്മേളിച്ചാണ് പുതിയ കമ്മററിയെ തിരഞ്ഞെടുത്തത്. യോഗത്തിൽ കുന്നംകുളം ഭദ്രാസനത്തിൻെറ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായും സംബന്ധിച്ചിരുന്നു.

മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ പ്രസിഡൻറും ഫാ. പീററർ ചെറുവത്തൂർ വൈസ് പ്രസിഡൻറും; ഫാ. കെ. സി. ജോസഫ് സെക്രട്ടറിയും ആയുള്ള ഈ കമ്മററിയുടെ ജനറൽ കൺവീനറായി പി. വി. ജോബ് തിരഞ്ഞെടുക്കപ്പെട്ടു. നൂററി ഒന്ന് അംഗങ്ങളുള്ള ഈ കമ്മററിയുടെ നേതൃത്വത്തിൽ സമാധാനപരമായി പെങ്ങാമുക്ക് പള്ളിയിൽ ആരാധന നടത്തുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ നടത്തണമെന്ന്. മെത്രാപ്പോലീത്തൻമാർ ആവശ്യപ്പെട്ടു.


## ഫാ: സ്റ്റീഫൻ വൈരമൺ ഭദ്രാസന സെക്രട്ടറി



ഫാ: സ്ററീഫൻ വൈരമൺ

തിരുവനന്തപുരം: ഗീവറുഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഭദ്രാസന പൊതുയോഗം ഭദ്രാസന സെക്രട്ടറിയായും, വൈദിക സെക്രട്ടറിയായും ഫാ: സ്റ്റീഫൻ വൈരമണിനെ തിരഞ്ഞെടുത്തു. ഇദ്ദേഹം കണ്ടറ സ്വദേശിയാണ്.

## അനുമോദിച്ചു.



ജേക്കബ് മണ്ണാറപ്രായിൽ കോർ എപ്പിസ്കോപ്പാ

കോട്ടയം: കോർ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്കു് ഉയർത്തപ്പെട്ട അങ്കമാലി ഭദ്രാസന സെക്രട്ടറിയും, സഭാ വർക്കിംഗ് കമ്മററിയംഗവുമായ ഫാ: ജേക്കബ് മണ്ണാറപ്രായെ പ; ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ സെപ്റ്റംബർ 16-ന് ദേവലോകം അരമനയിൽ ചേർന്ന സഭാ വർക്കിംഗ് കമ്മററി യോഗം അനുമോദിച്ചു. പ: ബാവാ തിരുമനസ്സുകൊണ്ട് അനുമോദന സൂചകമായി അഭിനവ കോർ എപ്പിസ്ക്കോപ്പായ്ക്കു് ഉപഹാരമാല സമ്മാനിച്ചു. ഫാ. ജേക്കബ് മണ്ണാറപ്രായിൽ അനുമോദനങ്ങൾക്ക് ആദരപൂർവം നന്ദി പറഞ്ഞു.

# സ്ലീബാദാസ സമൂഹം വാർഷികം ആഘോഷിച്ചു

കണ്ടനാട്: സ്ലീബാദാസ സമൂഹത്തിൻെറ അറുപത്തിനാലാമത്തു് വാർഷികം പാമ്പാക്കുട വലിയപള്ളിയിൽ ആഘോഷിച്ചു. സമൂഹം അദ്ധ്യക്ഷൻ ഫിലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന വാർഷികസമ്മേളനം കണ്ടനാട് ഭദ്രാസനത്തിൻെറ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഒ. സി. വറുഗീസ് കോർ എപ്പിസ്കോപ്പാ, ഫാ. കെ. വി. ശാമുവേൽ, കെ.വി. മാമൻ (മനോരമ) എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ററി. പി. ഫിലിപ്പോസ് കോർ എപ്പിസ്ക്കോപ്പാ റിപ്പോർട്ടവതരിപ്പിച്ചു. ഫാ. ജോൺസൺ കോനാട്ട് സ്വാഗതവും, ഫാ. എം. ററി. ശാമുവേൽ കൃതജ്ഞതയും പറഞ്ഞു. കേരളത്തിൻെറ നാനാഭാഗത്തുനിന്നും നിരവധി സ്ലീബാദാസൻമാർ സമ്മേളനത്തിൽ പങ്കെടുത്തു.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 5 1988 സെപ്തംബർ 23 ലക്കം 30

## ധ്യാനപീഠം

# "അബ്രഹാമിന്റെ മക്കൾ"

ആരാണീ അബ്രഹാമിന്റെ മക്കൾ? അബ്രഹാമിന്റെ മടിയിലിരിക്കാനുള്ള അവകാശവും ഭാഗ്യവും അവർക്കായിരിക്കുമല്ലോ? തങ്ങൾ അബ്രഹാമിന്റെ മക്കളും അവകാശികളുമാണെന്ന് യൂദന്മാർ അഭിമാനിച്ചിരിക്കും; ഇന്നും അപ്രകാരംതന്നെ. പക്ഷെ, അബ്രഹാമിന്റെ പ്രവൃത്തികളുടെ ഗുണപരമായ മേന്മയുടെ അവകാശികളാവാൻ കഴിയാത്തവർക്ക് ആ പേരിനർഹതയില്ല എന്ന് തിരുനാഥൻ അരുളിച്ചെയ്തിട്ടുണ്ട്. 'അബ്രഹാം ഞങ്ങൾക്ക് പിതാവായിട്ടുണ്ട്' എന്ന് പറഞ്ഞ് ഞെളിഞ്ഞുനടന്നവർക്ക് 'ഈ കല്ലുകളിൽനിന്നും അബ്രഹാമിനു മക്കളെ നൽകുവാൻ' തനിക്കു കഴിയും എന്ന മുന്നറിവ് താൻ നല്കി. വെറുതെ ഞങ്ങൾ അബ്രഹാം പിതാവിന്റെ തറവാട്ടിൽപ്പിറന്ന സന്താനപരമ്പരകളിൽപ്പെട്ടവരാണെന്ന വ്യർത്ഥാഭിമാനത്തിൽ കഥയില്ലെന്നു ചുരുക്കം. അബ്രഹാമിന്റെ മക്കളെ തിരിച്ചറിയുന്നത്, അവർ അബ്രഹാമിന്റെ പ്രവൃത്തികൾ ചെയ്യുന്നുണ്ടോ എന്ന് നോക്കിയായിരിക്കും.

പലരും തങ്ങൾ ഇന്ന തറവാട്ടിൽ പിറന്നവരാണ് എന്ന തരത്തിൽ തങ്ങളുടെ കുടുംബ മഹിമയെപ്പററി പുകഴ്ചയായി പറയാറുണ്ട്. അത്തരം മഹിമയുടെ ഘോഷണത്തിനു പിന്നിൽ വലിയ മണിമാളികകളോ, വിസ്തൃതമായ വയലേലകളോ, നോക്കെത്താത്ത ദൂരത്തിൽ പുരയിടങ്ങളോ, സമൂഹത്തിൽ വളരെ ഉയർന്ന ഒരു സ്ഥാനിയോ, ധനത്തിന്റെ പ്രതാപമോ ഉണ്ടായിരിക്കും. ഇത്തരം 'ഉയർച്ച'കളൊന്നും തീണ്ടിയിട്ടില്ലാത്ത കുടുംബങ്ങളും 'തറവാടുകൾ' തന്നെ! പക്ഷെ അവയെപ്പററി ആരും തറവാടിത്തം പറയാറില്ല. ഉയർന്ന തറവാടുകളിലെ താന്തോന്നികളുടെ 'തോന്ന്യവാസങ്ങൾ' പോലും അല്പം ലഘൂകരിച്ചേ ജനം കാണൂ. കുടുംബമഹിമയെപ്പററിയുള്ള ധാരണകളുടെപോക്ക്!

ഫാ. ജേക്കബ് ചെറിയാൻ

അബ്രഹാം, യൂദജാതിയുടെ തലവനും പിതാവുമായി ഗണിക്കപ്പെട്ടിരുന്നു. അബ്രഹാമിന്റെ ദൈവം വിളിച്ചു, വിശ്വാസികളുടെ പിതാവായി ആദരിച്ചു എന്നതെല്ലാം യഹൂദജാതിക്ക് അഭിമാനത്തിനു വകനൽകിയിരുന്നു; പക്ഷേ ദൈവമുമ്പാകെ അബ്രഹാമിന്റെ 'സ്ഥാനവും നിലയും' എന്തിനെ അടിസ്ഥാനമാക്കിയായിരുന്നു എന്നു പരിശോധിക്കുവാൻ അവരിൽ അധികം പേരും മിനക്കെട്ടിരുന്നില്ല. എങ്കിലും തങ്ങളുടെ കാലശേഷം അബ്രഹാമിന്റെ മടിയിലെത്താൻ കനിയണമേ എന്ന് അബ്രഹാമിന്റെ ദൈവത്തോട് അവർ അഭ്യർത്ഥിച്ചിരുന്നു.

'ഞാൻ അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമാകുന്നു' എന്ന് യഹോവ കല്പിക്കുന്നതു് അഭിമാനത്തോടും ആത്മഹർഷത്തോടുംകൂടിയാണ്! അവർ തങ്ങളുടെ ആത്മസമർപ്പണവും, അച്ചടക്കവുമുള്ള ജീവിതവുംവഴി യഹോവയെ പ്രസാദിപ്പിച്ച വിശ്വാസ സമ്പന്നന്മാരായിരുന്നു. അവരെപ്പററി എത്ര ആത്മസംതൃപ്തിയോടെയാണ് യഹോവ പരാമർശിക്കുന്നതു്! എന്നാൽ മററുപലരെയുംപററി അങ്ങനെ പറയുന്നില്ല എന്നതും ശ്രദ്ധേയമാണ്. അബ്രഹാമിനെ ഓർക്കുമ്പോൾ തനിക്കു യിസ്രായേലിനോട് അനുകമ്പ തോന്നും. തന്റെ വിശിഷ്ടദാസന്മാരെ പ്രതി തന്റെ ജനത്തിനു നേരെ മനസ്സലിയും.

ചുങ്കം പിരിവുകാരനായിരുന്നതിനാൽ അഴിമതിയുടെ കുമ്പാരമായി കരുതപ്പെട്ടിരുന്ന സഖായിയിൽ മനസ്താപത്തിന്റെ പൊൻ വീചികൾ ഉതിരുമ്പോൾ 'ഇവനും അബ്രഹാമിന്റെ മകനാകകൊണ്ട് ഇന്ന് ഈ ഭവനത്തിനു രക്ഷയുണ്ടായി' എന്ന് യേശുതമ്പുരാൻ കല്പിക്കുന്നു. അബ്രഹാമിന്റെ ആത്മസമർപ്പണം മൂലം ഭൂമി അനുഗ്രഹിക്കപ്പെട്ടെങ്കിൽ 'അബ്രഹാമിന്റെ പുത്രനായ' സഖായിയുടെ മാനസാന്തരം മൂലം അവൻ മാത്രമല്ല അവന്റെ ഭവനവും രക്ഷപെട്ടു. 'അബ്രഹാമിന്റെ മകനായിരുന്ന' സഖായി, അവന്റെ അയഞ്ഞ തൊഴിൽ കാരണം, ആ സ്ഥാനത്തിനു അനർഹനായി ഭവിച്ചിരുന്നു. അതിന്റെ നഷ്ടം അവനിൽ ഒതുങ്ങിനിൽക്കാതെ അവന്റെ ഭവനത്തിലേക്കും വ്യാപിച്ചു എന്നു വേണം കരുതാൻ. ഒരുവൻ മാനസാന്തരം മൂലം ദിവ്യരക്ഷകന്റെ തിരുമുമ്പിൽ 'അബ്രഹാമിന്റെ മകനായി' പുനർജീവിക്കുമ്പോൾ അവന്റെ രക്ഷ അവന്റെ കുടുംബത്തിലേക്കും വ്യാപിക്കുന്നു.

അബ്രഹാമിന്റെ മകനു് ദൈവസന്നിധിയിൽ ഒളിച്ചിരിക്കാനാവില്ല. ഒളിച്ചുവയ്ക്കാനും ഒന്നുമുണ്ടാവില്ല. അവനു് രക്ഷകനെ കണ്ടെത്താനുള്ള ഉൽക്കടമായ അഭിനിവേശമുണ്ടായിരിക്കും. രക്ഷകനെ കാണുകയും, തന്റെ ദിവ്യവചസ്സുകൾ ശ്രവിക്കയും ചെയ്യുന്ന നിമിഷം, അവന്റെ ജീവിതത്തിൽ ഏററവും ശ്രേഷ്ഠമായിരിക്കും. അപ്പോൾ, അബ്രഹാമിനെ ആദരിച്ച ദൈവം, അബ്രഹാമിന്റെ മകനെയും തന്റെ സ്നേഹപൂർവ്വമായ കരുണയാൽ വലയം ചെയ്യുന്നു!

**പ്രാർത്ഥന.:** യേശുനാഥാ! സഖായിയോടെന്നവണ്ണം തിരുവചനത്താൽ ഞങ്ങളുടെ പാപങ്ങളെയും ക്ഷമിക്കണമേ. സഖായിയെപ്പോലെ നിന്നെ കാണുവാനുള്ള വാഞ്ഛ ഞങ്ങളിൽ അങ്കുരിപ്പിക്കേണമെ. സംസാരസാഗരത്തിൽ മുങ്ങിമയങ്ങുന്ന ഞങ്ങളുടെ മനസ്സുകളെ ഉണർത്തി നിങ്കലേക്കു തിരിച്ച് ഞങ്ങളെ മാനസാന്തരമുള്ളവരാക്കണമേ. ഞങ്ങളുടെ മാനസ്സാന്തരവും കൃപാപ്രാപ്തിയും മൂലം ഞങ്ങളുടെ ഭവനങ്ങളെയും കൂട്ടങ്ങളെയും രക്ഷിച്ചുകൊള്ളണമേ!

**ചിന്താവിഷയം:** ലൂക്കോ 10:9 'ഇവനും അബ്രഹാമിന്റെ മകൻ ആകയാൽ ഇന്നു് ഈ വീടിനു രക്ഷവന്നു'

## ധ്യാനവേദി

# ക്രിസ്താനുകരണം

തോമസ്. എ. കെംപിസ്

വിവ: പ്രൊഫ: കെ. വി. തമ്പി

വാക്കുകളുടെ ആവശ്യമില്ലാതെ ഹൃദയം സത്യത്തെ ഭാഷണം ചെയ്യുന്നു

ശിഷ്യൻ:—നാഥാ സംസാരിച്ചാലും; നിന്റെ ദാസൻ ഇതാ ചെവിയോർക്കുന്നു. നിന്റെ ഹിതത്തിന്റെ ജ്ഞാനത്താൽ ഈ ദാസന്റെ ഹൃദയം പൂർണ്ണമാക്കുക.

നീ ഉച്ചരിക്കുന്ന വചനങ്ങൾക്കു നേരേ ഒരു ബധിര ശ്രോത്രത്തെ തിരിക്കുവാൻ എന്നെ അനുവദിക്കരുതേ — നിന്റെ താക്കീതുകൾ ഹിമംപോലെ അലിഞ്ഞിറങ്ങുമാറാകട്ടെ.

ഇസ്രായേൽ മക്കൾ ഒരിക്കൽ മോശയോടു പറഞ്ഞു: 'നീ നിന്റെ സന്ദേശത്തെ ഞങ്ങളോടു പറഞ്ഞാലും; നിന്നെ അനുസരിക്കാൻ ഞങ്ങൾ ഇതാ സന്നദ്ധരായിരിക്കുന്നു. യഹോവ ഞങ്ങളോടു സംസാരിക്കാൻ ഇടയാക്കരുതേ; അതു് ഞങ്ങളുടെ ജീവിതങ്ങൾക്ക് അപകടകാരിയാകും.' അല്ലയോ നാഥാ എന്റെ പ്രാർത്ഥന അവരുടേതു പോലെയല്ല. പകരം വിനീതമായ കാമനയോടെ ഞാൻ പ്രവാചകനായ ശമുവേലിനോടൊപ്പം പ്രാർത്ഥിക്കുന്നു. സംസാരിക്കുക, അല്ലയോ നാഥാ അവിടുത്തെ ദാസനിതാ കാതോർക്കുന്നു. മോശയോ മറേറതെങ്കിലും പ്രവാചകരോ സംസാരിക്കുന്നതു് കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല—നാഥനായ ദൈവമേ, നീ തന്നെ എന്നോടു സംസാരിക്കണമേ നീയാണല്ലോ പ്രവാചകരെ പ്രബോധിപ്പിച്ചതും ബോധവാന്മാരാക്കിയതും; അതുകൊണ്ട് അവരെ കൂടാതെ തന്നെ നിനക്ക് എന്നെ പൂർണ്ണതയോടെ പഠിപ്പിക്കുവാൻ കഴിയും. നിന്നിലൂടെയല്ലാതെ അവക്ക് എന്നെ ഒരിക്കലും സഹായിക്കുക സാദ്ധ്യമല്ല.

പ്രവാചകന്മാർ വാക്കുകൾ പ്രയോഗിക്കുന്നു; എന്നാലോ അവർ ആത്മാവിനെ തരുന്നില്ല. വാചാലതയോടെ അവർ സംസാരിക്കുന്നു; എന്നാൽ നിങ്ങൾ മൗനിയായിരുന്നാൽ അവർ ഹൃദയത്തെ ഉജ്ജ്വലിപ്പിക്കുന്നില്ല. അവർ സന്ദേശത്തെ രേഖപ്പെടുത്തുന്നു; എന്നാൽ നീയോ അതു് അർത്ഥമാക്കുന്നതിനെ വ്യക്തമാക്കുന്നു. അവർ നിന്റെ കല്പനകളെ പ്രഖ്യാപിക്കുന്നു; എന്നാൽ അനുസരിക്കാനുള്ള ശക്തിയെ നീയല്ലോ ദാനം ചെയ്യുന്നതു്. അവർ വഴിത്താരയെ ചൂണ്ടിക്കാണിക്കുന്നു; എന്നാൽ നീയല്ലോ പ്രയാണത്തിനുള്ള ബലം പ്രദാനം ചെയ്യുന്നതു്. അവർ ഞങ്ങളുടെ ബഹിരിന്ദ്രിയങ്ങളിന്മേൽ പ്രവർത്തിക്കുന്നു; എന്നാൽ നീ ഹൃദയത്തെ പ്രബോധിപ്പിക്കുകയും ബോധവത്താക്കുകയും ചെയ്യുന്നു. അവർ നിലത്തെ ആർദ്രമാക്കുന്നു; എന്നാൽ നീയോ മണ്ണിനെ ഉർവ്വരമാക്കുന്നു. അവർ യഥാർത്ഥ വാക്കുകൾ ഉച്ചരിച്ചേക്കാം. എന്നാൽ അവയെ ഞങ്ങൾ ഗ്രഹിക്കുന്നതോ നിന്നിലൂടെയത്രേ.

അതിനാൽ നിത്യസത്യത്തെപ്പററി മോശ എന്നോടു സംസാരിക്കുന്നതു് ഞാൻ ഇഷ്ടപ്പെടുന്നില്ല; എന്നാൽ നാഥനായ ദൈവമേ നിനക്കു മാത്രം അതാകാം: എന്തെന്നാൽ ഫലം വഹിക്കാതെ വാടികൊഴിഞ്ഞുപോകുമെന്ന് ഞാൻ ഭയപ്പെടുന്നു. എന്റെ ഹൃദയത്തിൽ പ്രതികരണത്തിന്റെ ഒരു സ്ഫുലിംഗവും ഉണർത്താതെ എന്റെ കാതുകളിൽ താക്കീതു നിപതിക്കുകയാണെങ്കിൽ നിന്റെ വചനത്തെ കേൾക്കുകയും എന്നാൽ അവയെ അനുസരിക്കാതിരിക്കുകയും, അറിയുകയും എന്നാൽ അവയെ സ്നേഹിക്കാതിരിക്കുകയും, വിശ്വസിക്കുകയും എന്നാൽ അവയെ പാലിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ പേരിൽ വിധിക്കപ്പെടാൻ ഞാൻ ഇച്ഛിക്കുന്നില്ല. അതുകൊണ്ട് അല്ലയോ നാഥാ സംസാരിക്കുക; നിന്റെ ദാസൻ കാതോർത്തിരിക്കുന്നു. നിന്റെ വചനങ്ങൾ നിത്യജീവിതത്തിന്റെ വചനങ്ങളാകുന്നു. സംസാരിച്ചാലും; എന്റെ ആത്മാവ് അല്പമെങ്കിലും സാന്ത്വനമണയട്ടെ. എന്റെ സമസ്ത ജന്മവും മെച്ചപ്പെടട്ടെ. സംസാരിച്ചാലും, സ്തുതിയും മഹത്വവും നിത്യബഹുമാനവും നിന്നിലേക്ക് ആനയിക്കപ്പെടട്ടെ.

## ആരാധനാപഠനം

# ആരാധനാഗീതസമീക്ഷ (തുടർച്ച)

പ്രൊഫ: എൻ. ഐ. നൈനാൻ ശൂരനാടും

(മറിയാം ദീലേത്തോക്)

ഗീതം—

നിൻ ജനനീ മറിയാം സ്നാപ
കനാം യൂഹാനോൻ
എന്നിവരർത്ഥിക്കും—നി
ന്നോടു ഞങ്ങൾക്കായ്-കൃപ
ചെയ്തീടണമേ

അർത്ഥം—

കർത്താവേ! നിന്നെ പ്രസവിച്ച മറിയാമും നിന്നെ മാമ്മോദീസാ മുക്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും. ഞങ്ങളോടു കരുണ ചെയ്യണമേ.

ധൂപഗീതം,

(റാഹേമേലൈൻ, മൊറിയോ
റാഹേമേലൈൻ)
കൃപ ചെയ്യണമേ, കർത്താവേ
കൃപ ചെയ്യണമേ.

ഗീതം—

1 ദേവാധീശാ! നാഥാ-
തിരുമുമ്പിൽ
ഞങ്ങളണച്ചോരീ-പരിമള
ധൂപത്താൽ പാപം
നീക്കണമേ പിഴ-
പോക്കണമേ
സ്ലീബായാൽ രക്ഷിച്ചവ—
നാം ജീവസുതാ കരുണാദി
വസേ
നിൻവലമായ് ഞങ്ങളെ
നിർത്തണമേ
ബാറെക്മോർ
ശുബഹോ....
മെനഓലം .. ....

2 നയനാഗോചരമാ-മുയര
ത്തിൽനിന്നും
നിന്മാഹാത്മ്യത്തെ-ത്താഴ്ത്തി
സ്വഹിതത്താൽ നരനായ്
ദുർബലരാമാദാമ്യരുടെ
ആധിവ്യാധികളെത്തീർ-
ത്തോൻ
താതജനേ! സ്വയമുൽഭൂതാ!
സ്തുതിനാഥാ! തവ മാനം
ധന്യം

അർത്ഥം—

ദൈവമായ കർത്താവേ തിരുമുമ്പാകെ ഞങ്ങൾ സമർപ്പിച്ചിട്ടുള്ള ഈ പരിമള ധൂപം ഞങ്ങളുടെ കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും ആയിത്തീരേണമേ സ്ലീബായാൽ ഞങ്ങളെ രക്ഷിച്ച ജീവനുള്ള പുത്രാ! നിന്റെ കരുണ ഉദിക്കുന്ന ദിവസത്തിൽ ഞങ്ങളെ നിന്റെ വലത്തുഭാഗത്തു നിർത്തണമേ.

പിതാവിൽനിന്നുള്ള സ്വയംഭൂവായ കർത്താവേ! നിനക്കു സ്തുതി. അദൃശ്യമായ മേലുയരങ്ങളിൽ നിന്നു് തന്റെ മഹിമയെ താഴ്ത്തി നീ മനസ്സോടെ മനുഷ്യനായിത്തീർന്നു. ബലഹീനമായ ആദാമ്യവർഗ്ഗത്തിന്റെ നൊമ്പരങ്ങളെയും വേദനകളെയും നീ സുഖമാക്കി. നിനക്കു സ്തുതി. നിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു.

# പുതിയ പുലരികൾ തേടി

അന്തിനാട്ട് ജോസ്

## അദ്ധ്യായം പതിനൊന്നു്

കണ്ണീരിൻെറ വലയത്തിലൂടെ വിൽസൺ ഒരു പ്രതിമപോലെ ആ കാറിൻെറ നേക്കു നോക്കിനിന്നു. പാദങ്ങൾ തറയിൽ മരവിക്കുന്നതുപോലെ. ശരീരത്തിലെ സിരകളിലൂടെ രക്തത്തിനു പകരം മഞ്ഞുകട്ട ഉറയുന്നതുപോലെ. തലയിൽ ഭാരമുള്ള ഏതോ ഒരു വസ്തു വന്നു വീണതുപോലെ.

കണ്ണുകൾ തുറന്നിരുന്നെങ്കിലും വിൽസണ് ഒന്നും കാണാൻ കഴിഞ്ഞില്ല. എവിടെനിന്നോ വന്ന ഒരു മൂടൽമഞ്ഞ് തന്നെ ഒന്നാകെ പൊതിയുന്നതുപോലെ.

അങ്ങനെ ആ പാതവക്കിൽ എത്രനേരം നിന്നു എന്നറിയില്ല. ഏതോ ഒരു വാഹനം തന്നെ തൊട്ടുരുമ്മി കടന്നു പോയപ്പോഴാണ് അയാൾ ചിന്തയിൽ നിന്നുണർന്നതു്.

ചുററും ഏതോ സ്വപ്നം കാണുന്നതുപോലെ അയാൾ പകച്ചുനിന്നു. തലയ്ക്കു ചുററും ഒരായിരം വണ്ടുകൾ മൂളിപ്പറക്കുന്നതുപോലെ. നനഞ്ഞ കണ്ണുകൾ മുണ്ടിൻെറ കോന്തലകൊണ്ടു തുടച്ചുമാററി.

വഴിതെററി വന്ന ഒരു യാത്രക്കാരനെപ്പോലെ അയാൾ എന്തു ചെയ്യണമെന്നറിയാതെ പകച്ചുനിന്നു.

പിന്നെ അയാൾ റെയിൽപ്പാളങ്ങളുടെ ഓരം ചേർന്ന് ചെമ്മണ്ണുപാതയിലൂടെ അലസനായി ചിന്താഭാരത്തോടെ നടന്നു. ഏകനായി, അനാഥനായി വിൽസൺ നടന്നു.

തലച്ചോറിലെ മരവിപ്പ് അപ്പോഴും വിട്ടുമാറിയിട്ടില്ല. ഹൃദയത്തിൽ കനത്ത ഒരാഘാതം ഏററിരിക്കുന്നു.

ഒരിക്കൽ ഇത്തരത്തിൽ ഒരവസ്ഥ തനിക്ക് വന്നു ചേരുമെന്ന് സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. അമ്മയെ ഇനി ഒരിക്കലും കണ്ടു മുട്ടുമെന്ന് സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല. തന്നെ നൊന്തു പ്രസവിച്ച അമ്മ. ഒരു കാലത്തു് തന്നെ 'മോനേ എന്നു വിളിച്ചിരുന്ന അമ്മ.' തന്നെ മാറത്തണച്ച് കിടന്നിട്ടുള്ള നിരവധി തണുത്ത നിശീഥിനികളുടെ ഓർമ്മകൾ ഒരു ദുഃസ്വപ്നംപോലെ തന്നിലേക്ക് ഒഴുകിയെത്തുന്നതായി അവനു തോന്നി.

ലക്ഷ്യമില്ലാത്തവനെപ്പോലെ വിൽസൺ നടന്നു. അവൻ വഴിയരികിൽ കണ്ട ഒരു കലുങ്കിൽ ഇരുന്നു. വെയിലിനു ചൂടേറാൻ തുടങ്ങിയിരിക്കുന്നു.

മരച്ചില്ലകളിൽ വെയിൽനാളങ്ങൾ ആലസ്യത്തിൻെറ വിത്തുകൾ പാകാൻ ആരംഭിച്ചിരിക്കുന്നു. അവൻെറ ഓർമ്മകൾ ഒരു മരഞ്ചാടിയെപ്പോലെ മേയുകയാണ്. അമ്മയെക്കുറിച്ചോർക്കുമ്പോഴൊക്കെ മനസ്സു നീറുന്നു. തന്നെ ചെറുപ്പത്തിൽ അമ്മയ്ക്കെന്തുകാര്യമായിരുന്നു. മോനെ എന്നു മാത്രം വിളിക്കാറുള്ള അമ്മ.

ഇന്നിതാ ആ അമ്മയെ ഒരു നോക്കു കാണാനായി താനെത്ര പണിപ്പെടുന്നു. ജയ്സനെക്കുറിച്ചോർത്തപ്പോൾ അവൻെറ ഹൃദയത്തിൽ ഒരു ഉൾക്കിടിലമുണ്ടായി. അവൻ എത്ര ഭാഗ്യശാലിയാണ്. ഒരേ അമ്മയുടെ ഉദരത്തിൽ പിറന്ന രണ്ടുമക്കൾ.

എല്ലാം ഒന്നു മറക്കാൻ കഴിഞ്ഞിരുന്നെങ്കിൽ.

അമ്മയിപ്പോഴും തന്നെ സ്നേഹിക്കുന്നുണ്ടാവണം. തന്നെ കണ്ടയുടനെ ഓടിവന്ന് അമ്മ കെട്ടിപ്പിടിച്ചു മോനെ എന്നു വിളിച്ചതല്ലേ? തന്നോട് സ്നേഹമില്ലെങ്കിൽ അപ്പച്ചനെപ്പോലെ അമ്മയ്ക്കും തന്നെ ആട്ടിപ്പുറത്താക്കാമായിരുന്നു.

പക്ഷേ ആ സ്ത്രീയതു ചെയ്തില്ല. അവർ ഇന്നും തന്നെ സ്നേഹിക്കുന്നു. ആ സ്നേഹത്തിൻെറ മാധുര്യം നുണയാൻ കഴിയാത്ത ഒരഭിശപ്തനായി ഞാൻ മാറിയിരിക്കുന്നു. ഇതിൽപ്പരം വലിയൊരു നിർഭാഗ്യവാൻ ഈ പ്രപഞ്ചത്തിൽ ജനിക്കാനുണ്ടോ?

അവിടെനിന്നും എണീററ് വിൽസൺ തൻെറ കുടിലിലേയ്ക്കു നടന്നു. മനസ്സിൽ അപ്പോഴും അമ്മയുടെ മായാത്ത ഒരു ഛായാചിത്രം പ്രതിബിംബിച്ചു നിന്നിരുന്നു.

ഒരിക്കലും അടർത്തി മാററാനാവാത്ത ലോകത്തിലെ ഒരേ ഒരു സ്നേഹബന്ധം.

അതിൻെറ കടയ്ക്കൽ കോടാലിവച്ച സ്വന്തം പിതാവിനോടുള്ള അമർഷം നിറഞ്ഞ രോഷവുമായി അവൻ സ്വന്തം കുടിലിലേയ്ക്കു നടന്നു.

അവിടെ കഞ്ഞിവയ്ക്കാനുള്ള വിറകൊടിക്കുകയായിരുന്നു ഡെയ്സി. അവൻെറ മുഖം കണ്ട് ഒരു നിമിഷം അവൾ അന്ധാളിച്ചു നിന്നു. കലങ്ങിയ കണ്ണുകൾ. കരഞ്ഞതുപോലെ തുടുത്ത കവിൾത്തടങ്ങൾ.

'ചേട്ടൻെറ മുഖമെന്താ ഇങ്ങനെയിരിക്കുന്നതു്? ആരോടെങ്കിലും വഴക്കുണ്ടാക്കിയോ?'

'ഇല്ല.'

'പിന്നെന്താ നിങ്ങളുടെ മുഖം ഇങ്ങനെ?'

'പിന്നെങ്ങനെയാ മുഖം ഇരിക്കേണ്ടതു്?'

തെല്ലു ദേഷ്യത്തോടെ വിൽസൺ ചാണകം മെഴുകിയ തറയിൽ ഇരുന്നു. അവൻ മെല്ലെ കണ്ണുകൾ ഇറുക്കി അടച്ചു. ഇരുളിൻെറ തണുത്ത പാളികൾ തൻെറ കൺപോളകളിൽ കുളിരിൻെറ പനിനീർ ചൊരിയുന്നതായി വിൽസണു തോന്നി.

വിൽസനു് പെട്ടെന്ന് എന്തോ മാനസികമായ ഒരു വിഷമം ഉണ്ടായിട്ടുണ്ടെന്ന് ഒററ നോട്ടംകൊണ്ടുതന്നെ ഡെയ്സിക്കു മനസ്സിലാക്കിയെടുക്കാൻ കഴിഞ്ഞു.

പിന്നീട് അവൾ ഒന്നും ശബ്ദിച്ചില്ല.

ദിവസങ്ങൾ ഒന്നൊന്നായി ഇഴഞ്ഞു നീങ്ങുന്നുണ്ടായിരുന്നു. ആർക്കുവേണ്ടിയും ഒന്നിനുവേണ്ടിയും കാത്തുനിൽക്കാതെ.

അന്ന് വൈകുന്നേരം സന്ധ്യ മയങ്ങിയപ്പോഴാണ് നഗരത്തിൽനിന്നും വീട്ടിലേയ്ക്കു വിൽസൺ നടന്നതു്. ഡെയ്സി അടുത്തുള്ള പാടത്തു് കൊയ്യാനും മെതിക്കാനുമെല്ലാം പോകും. വൈകുന്നേരമാകുമ്പോൾ അവർ ഇരുവരും ഓരേ മേൽത്തട്ടിനു താഴെയെത്തുന്നു.

അന്നത്തെ സുഖങ്ങളും ദുഃഖങ്ങളുമെല്ലാം അവർ അന്യോന്യം ചർച്ചചെയ്ത് സന്തോഷത്തോടെ രാത്രി തള്ളിനീക്കും.

അന്നു വൈകുന്നേരം വിൽസൺ കുടിലിനെ ലക്ഷ്യമാക്കി നടന്നു.

പെട്ടെന്നാണ് ആ കാഴ്ചകണ്ടതു്. തൻെറ വീടിനു സമീപത്തുനിന്നും വലിയ പുക ഉയരുന്നു. എവിടെയോ ആളുകളുടെ നിലവിളികൾ ഉയരുന്നു. കോളനിയിൽ ഒരഗ്നിബാധയുണ്ടായതിൻെറ ലക്ഷണങ്ങൾ കാണുന്നു.

ദൈവമേ! വിൽസൺ ഒററ ശ്വാസത്തിൽ മുന്നോട്ടാഞ്ഞു.

അവൻ നോക്കുമ്പോൾ തൻെറ വീട് കത്തിചാമ്പലായിരിക്കുന്നു. ഏതാനും തടിക്കഷണങ്ങൾ മാത്രം അവശേഷിച്ചിരിക്കുന്നു. ബാക്കി സർവ്വസ്വവും നശിച്ചിരിക്കുന്നു.

ആളുകൾ അഗ്നി പടരാതിരിക്കാനായി ബക്കററുകളിൽ വെള്ളം കോരിയൊഴിക്കുകയാണ്.

തൻെറ വീട്! അയാൾ ഭ്രാന്തനെപ്പോലെ ജനക്കൂട്ടത്തെ തള്ളി മാററി മുന്നോട്ടുകടന്നു. അപ്പോഴേയ്ക്കും എവിടെയോ നിന്നും ഡെയ്സിയും എത്തി. ഇരുവരുടെയും ആർത്തനാദങ്ങൾ അന്തരീക്ഷത്തിൽ ഉയന്നു.

അവിടെ നിന്നവർ അവനോടുപറഞ്ഞു. 'കറിയാച്ചൻ മുതലാളിയുടെ ആൾക്കാരാണ് തീയിട്ടതു്, നീയും മൊതലാളിയും തമ്മിലെന്താ പിണക്കമുണ്ടോ?'

വിൽസൺ കേട്ട് ഒരു കൽപ്രതിമപോലെ പകച്ചുനിന്നു.

(തുടരും)

കവിത

## രണ്ടാമത്തെ വരവ്

വീണ്ടുമൊഴുകുന്നു നീരും രുധിരവും
'ഗാഗുൽത്ത'യിലെത്തിരുമുറിവിൽനിന്നും,
വീണ്ടും ചുവക്കുന്നു 'കാൽവരി'പ്പൂവിതൾ
പാപരഹിതൻെറ ചോരക്കണങ്ങളാൽ,
നന്മതൻ പാണിതലത്തിലതിക്രൂരം
തിന്മതന്നാണിമുനകൾ തറയ്ക്കുന്നു,
സ്നേഹത്തിന്നുച്ചിയിലാഴ്ത്തുന്ന ധർമ്മത്തിൻ–
മുൾക്കിരീടങ്ങളീയായുധധാരികൾ,
'ഏദനത്തെ പാപത്തെ ഗർഭം, ധരിക്കുവാ–
നോടിയണയുന്ന 'സോദോമ്യകന്യക,
മോഹച്ചുഴികളിലുപ്പുശിലയായി–
മാറുവാനെത്തുന്നു 'ലോത്തിൻ' പ്രിയതമ
മുപ്പതു കാശിനായ് സ്വന്തഗുരുവിനെ–
യൊററിക്കൊടുക്കുന്നരുമശിഷ്യഗണം,
ഭീതിയുമാധിയുമേറി രക്ഷകനെ–
ത്തള്ളിപ്പറയുന്നിന്നിഷ്ടരും കൂട്ടരും,
പാപനാഗങ്ങളിഴയുന്ന ഭൂമിയിൽ
ശോകക്കിളി പറക്കുന്ന വിഹായസ്സിൽ
മോഹം പെറുന്ന പാപത്തിൻെറ കുഞ്ഞിനെ
'യൂദ'രധർമ്മത്തിന്നമ്മിഞ്ഞയൂട്ടുന്നു,
വിത്തപ്രതാപവുമാധിപത്യങ്ങളു
മായുധങ്ങളും ഭരിക്കുന്നിയൂഴിയെ,
ആലംബഹീനരടിമകളാശ്രിത–
രെന്നുമഭയമാഗ്ഗത്തിനുഴലുന്നു,
ശാശ്വതസ്നേഹത്തിൻ ദൈവികരാജ്യത്തെ
ഭൂവിലും വാനിലും സ്ഥാപിതമാക്കുവാൻ
വീണ്ടുമവതരിച്ചീടുക രക്ഷകാ!
വീണ്ടുമഭയമരുളുക നായകാ!!

രാജു പാമ്പാടി

നിയമങ്ങളും, ചട്ടങ്ങളും (2 തെസ്സ. 3:6; 1 കൊരി 11:2; 2 തെസ്സ 2:15; 1 കൊരി. 16:2) അവർക്കുണ്ടായിരുന്നു. ഇവയെല്ലാം കാണുമ്പോൾ ആദിമക്രിസ്ത്യാനികൾ കർത്താവിൻെറ വരവ് വേഗമുണ്ടാകുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും, സഭ നിലനില്ക്കുകയില്ലെന്ന് ദൃഢമായി ചന്തിച്ചിരുന്നു എന്ന് വിചാരിക്കുവാൻ നിവൃത്തിയില്ല.

(തുടരും)

# യേശുക്രിസ്തു ഒരു സഭ സ്ഥാപിച്ചുവോ: (അദ്ധ്യായം ഏഴ് തുടർച്ച)

## 1 ലോകാവസാനത്തെപ്പററിയും, രണ്ടാമത്തെ വരവിനെപ്പററിയും നമ്മുടെ കർത്താവിൻെറ നിലപാടെന്തായിരുന്നു?

കർത്താവു ലോകത്തിൽ ആയിരിക്കുമ്പോൾ ഈദൃശ ഭാവി സംഭവങ്ങളെപ്പററി അജ്ഞനായിരുന്നു എന്ന് വ്യക്തമായി കല്പിച്ചിട്ടുണ്ട്. 'ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ ആരും, സ്വർഗ്ഗത്തിലെ ദൂതന്മാരും, പുത്രനുംകൂടെ അറിയുന്നില്ല'. (മർക്കോസ് 13:32) യരുശലേമിൻെറ നാശത്തെപ്പററിയും, ലോകാവസാനത്തെപ്പററിയും, ഒലിവുമലയിൽവെച്ച് ശിഷ്യന്മാർ കർത്താവിനോടു ചോദിച്ചപ്പോൾ മറുപടിയായി ഇപ്രകാരം കല്പിച്ചിട്ടുള്ളതാണ് മത്താ:24; മർക്കോസ് 13; ലൂക്കോസ് 21–എന്നീ വേദഭാഗങ്ങളിൽ ഈ രണ്ടു കാര്യങ്ങളെപ്പററിയും കർത്താവു പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ആ വിവരണങ്ങളിൽ യെരുശലേമിൻെറ നാശവും, കർത്താവിൻെറ രണ്ടാമത്തെ വരവും വ്യക്തമായി വേർതിരിച്ചു കാണുവാൻ പാടില്ലാത്തവണ്ണം കൂട്ടിപ്പിണഞ്ഞതാണ് കിടക്കുന്നതു്. അവ ഒന്നിനു പിറകെ ഒന്നായി അടുത്തടുത്തു നടക്കുവാൻ പോകുന്ന രണ്ടു സംഭവങ്ങളായി തോന്നിപ്പോകും. ആദ്യസഭയിൽ ഈ രണ്ടു സംഭവങ്ങളെ സംബന്ധിച്ചും അവ്യക്തമായ ധാരണ ഉണ്ടായിരുന്നതുകൊണ്ടായിരിക്കാം ഇപ്രകാരം ഈ വിവരണങ്ങളിലും അവ്യക്തത വന്നുചേർന്നതു്. എന്നാൽ അവയെ സൂക്ഷ്മമായി നിരീക്ഷിച്ചാൽ രണ്ടു സംഭവങ്ങളുടെയും കാലങ്ങളെ സംബന്ധിച്ച് ഏറെക്കുറെ മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ശിഷ്യന്മാരുമായുള്ള മേൽ പറഞ്ഞ സംഭാഷണത്തിൽ രണ്ടാമത്തെ വരവിൻെറയും, ലോകാവസാനത്തിൻെറയും കാലങ്ങളെപ്പററി പിതാവല്ലാതെ പുത്രനോ മററാരുമോ അറിയുന്നില്ല എന്ന് കർത്താവു പ്രസ്താവിച്ചതായി നാം കണ്ടു. സർവ്വജ്ഞനായ ദൈവ പുത്രൻെറ ഈ അജ്ഞത നമുക്കു വിസ്മയമായി തോന്നാം. എന്നാൽ മനുഷ്യാവതാരത്തിൽ കർത്താവ്, സ്വയമേററ പരിമിതിയുടെ അവസ്ഥ എന്തായിരുന്നു എന്ന് ഇതു വിശദമാക്കുന്നുണ്ട്. രണ്ടാമത്തെ വരവ് ആകസ്മികമായിരിക്കുമെന്നും അതിൻെറ ലക്ഷണങ്ങൾ എന്തെല്ലാമായിരിയ്ക്കുമെന്നും മാത്രമേ, തനിക്കു പറയുവാനുള്ള കൃത്യസമയം വെളിവാക്കുന്നില്ല. പിതാവ് തൻെറ സ്വന്തം ചിന്തയിൽ വച്ചുകൊണ്ടിരുന്ന അക്കാര്യത്തെപ്പററിയുള്ള അറിവ് മനുഷ്യനെന്ന നിലയിൽ യേശുവിന് ഇല്ലായിരുന്നു. ദൈവം മാത്രം അറിയുന്ന കാലങ്ങളെയും, സമയങ്ങളെയും അറിയുന്നതിനുള്ള ശ്ളീഹന്മാരുടെ ജിജ്ഞാസയെ മറെറാരവസരത്തിൽ കർത്താവു ശാസിക്കുന്നുമുണ്ട്. 'പിതാവ് തൻെറ സ്വന്ത അധികാരത്തിൽ വച്ചിട്ടുള്ള കാലങ്ങളെയോ സമയങ്ങളെയോ അറിയുന്നതു നിങ്ങൾക്കുള്ളതല്ല' (അപ്പോ. 1:7)

തൻെറ വരവ് എന്നു സംഭവിക്കുമെന്നും, അതിനുമുമ്പുള്ള കാലദൈർഘ്യം എന്തു മാത്രമായിരിക്കുമെന്നും വെളിപ്പെടുത്താതിരുന്നതു് എന്തുകൊണ്ടാണ്? മനുഷ്യനായ ദൈവപുത്രൻെറ ഈ പരിമിതിക്കു കാരണമെന്തു്? ഒരു ക്രിസ്ത്യാനി എപ്പോഴും ഒരുങ്ങി ഇരിക്കേണ്ടവനായതുകൊണ്ട് കാലങ്ങളും സമയങ്ങളും ഗ്രഹിക്കുന്നതു് അതിനു ബാധകമായി വന്നേക്കാമെന്നുള്ളതു കൊണ്ടായിരിക്കണം. എന്നിരുന്നാലും തൻെറ സ്വർഗ്ഗാരോഹണത്തിനും രണ്ടാമത്തെ വരവിനുമിടയ്ക്കുള്ള കാലം അത്ര നിസ്സാരമല്ലെന്നു കർത്താവ് വ്യക്തമാക്കിയിട്ടുണ്ട്. എന്തെന്നാൽ ഈ ഇടക്കാലത്തു് രാജ്യത്തിൻെറ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിലൊക്കെയും പ്രസംഗിക്കപ്പെടേണ്ടിയിരിക്കുന്നു. (മത്താ. 24:14) കൂടാതെ ക്രിസ്ത്യാനികൾ അനേക പീഡകൾ സഹിക്കുകയും, മററു പലതും സംഭവിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു (മത്താ. 24:4–14). ഇവയെല്ലാം നടക്കണമെങ്കിൽ കേവലം ഒരു നിസ്സാരകാലഘട്ടം ഒട്ടും മതിയാകാത്തതാണ്.

ഭാവിയെപ്പററി നമ്മുടെ കർത്താവ് നല്ലവണ്ണം കരുതിയിരുന്നതായി സുവിശേഷങ്ങളിൽനിന്നും മനസ്സിലാകുന്നുണ്ട്: പന്ത്രണ്ട് അപ്പോസ്തോലന്മാരെ തിരഞ്ഞെടുത്തു് മൂന്നര കൊല്ലക്കാലം അവർക്കു വേണ്ട പരിശീലനം കൊടുത്തു കേവലം ശിഷ്യന്മാരായിട്ടല്ല അവരെ അഭ്യസിപ്പിച്ചതു്. പ്രതൃത അപ്പോസ്തോലന്മാർ; (അതായതു് സ്ഥാനാപതികൾ) ഉപദേഷ്ടാക്കൾ, ഭരണകർത്താക്കൾ, ഗൃഹവിചാരകന്മാർ, ഇടയന്മാർ, എന്നീ വിവിധ നിലകളിലായിരുന്നു മുന്തിരിത്തോട്ടത്തിൻെറ ഉപമ (മത്താ. 21:25,) വീട്ടുടയവൻെറ ഉപമ (മർക്കോ. 13:34), താക്കോലുകളുടെ അധികാരം (മത്തായി (16:19) കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം (മത്താ. 18:8). ഉപദേശിച്ചു ശിഷ്യപ്പെടുത്തുന്നതിനുള്ള അധികാരം (മത്താ. 28:18), മേയിക്കുന്നതിനുള്ള അധികാരം (യോഹ. 21:15,) ഇവയെല്ലാം ശ്ളീഹന്മാരുടെ വിവിധ നിലകളെ കാണിക്കുന്നവയാകുന്നു. കൂടാതെ തൻെറ ശിഷ്യന്മാരുടെ ആചരണത്തിന് ഒരു സന്മാർഗ്ഗസംഹിതയും താൻ രചിച്ചു (മത്താ. 5–7). ആചാര്യന്മാരെന്നുള്ള നിലയിൽ ബലി അർപ്പിക്കുന്നതിന് അധികാരവും അവർക്കു കൊടുത്തു. 'അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും, പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും, കർത്താവ് വരുവോളം അവൻെറ മരണത്തെ പ്രസ്താവിക്കുന്നു' (1 കൊരി. 11:26). വി. കുർബാന നമ്മുടെ കർത്താവിൻെറ ഗോഗുൽത്തായിലെ ബലിമരണത്തെ പ്രസ്താവിക്കുന്നതിനാൽ, അതു ബലിയും, അതിനെ അനുഷ്ഠിക്കുന്നവർ പുരോഹിതന്മാരുമാകുന്നു. മററു കൂദാശകളും അവരെ ഭരമേൽപ്പിച്ചു. മാമോദീസായെപ്പററി വ്യക്തമായ പ്രസ്താവന സുവിശേഷങ്ങളിലുണ്ട് (മത്താ. 28:19, 20; മർക്കോ. 16:15,16). ശേഷം കൂദാശകളും വി. വേദത്തിൽനിന്ന് അനുമാനിക്കാവുന്നതാണ്. ഇവയെല്ലാം, ഭാവികാലത്തെപ്പററിയുള്ള കർത്താവിൻെറ കരുതലായി മാത്രമേ വിചാരിക്കുവാൻ നിവൃത്തിയുള്ളു.

## 2 ഭാവിയെപ്പററിയും, രണ്ടാമത്തെ വരവിനെപ്പററിയും, ആദിമക്രിസ്ത്യാനികളുടെ ധാരണ എന്തായിരുന്നു?

കർത്താവിൻെറ വരവ് വേഗത്തിൽ സംഭവിക്കുമെന്ന് ആദിമക്രിസ്ത്യാനികൾ കരുതിയിരുന്നതായി വേണം വിചാരിക്കുവാൻ. പൗലൂസ് ശ്ലീഹാ കോരിന്ത്യർക്കുള്ള രണ്ടാം ലേഖനം എഴുതുമ്പോൾ, കർത്താവിൻെറ വരവ് തൻെറ ജീവിതകാലത്തുതന്നെ ഉണ്ടാകുമെന്നു വിചാരിച്ചിരുന്നതായി തോന്നുന്നു. ''ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം. നാം എല്ലാവരും നിദ്ര കൊള്ളുകയില്ല. എന്നാൽ അന്ത്യ കാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്നിടയിൽ നാം രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും. മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും.'' (1 കൊരി. 15:51–52; 1 തെസ്സ. 4:13 18 വരെ നോക്കുക) ആ നാളും നാഴികയും പിതാവല്ലാതെ മററാരും അറിയുന്നില്ലെന്നു കർത്താവു ഖണ്ഡിതമായി പറഞ്ഞിരിക്കുന്നതിനാൽ മേലുദ്ധരിച്ച വാക്യങ്ങളിൽ കാണുന്ന ആശയം-ശ്ലീഹായുടെ ആയുഷ്ക്കാലത്തു തന്നെ രണ്ടാമത്തെ വരവുണ്ടാകുമെന്നുള്ളതു്–വിശുദ്ധ പൗലൂസിൻെറ പ്രതീക്ഷ മാത്രമായിരുന്നുവെന്നതിൽ കവിഞ്ഞു് അതിന് അർത്ഥമില്ല. കേവലം പ്രതീക്ഷ മാത്രമായിരുന്നുവെന്നുള്ളതു് അദ്ദേഹത്തിൻെറ പ്രവർത്തനത്തിൽനിന്നും മനസ്സിലാകുന്നതാണ്. രണ്ടാമത്തെ വരവു നോക്കി മൗനമായിരിക്കാതെ, റോമാസാമ്രാജ്യം മുഴുവനും അദ്ദേഹം ചുററിസഞ്ചരിച്ച് സുവിശേഷം അറിയിക്കുകയും, സഭകൾ സ്ഥാപിക്കുകയും ചെയ്തു. എപ്പിസ്ക്കോപ്പന്മാർ, കശീശന്മാർ മുതലായവരെ നിയമിക്കുകയും, വീണ്ടും വീണ്ടും സഭകൾ സന്ദർശിച്ച് അവയെ സ്ഥിരപ്പെടുത്തുകയും ചെയ്തിരുന്നു. ഇവയെല്ലാം ഭാവിയെപ്പററിയുള്ള കരുതലല്ലാതെ മറെറന്താണ്? കർത്താവ് ഉടൻതന്നെ വരുമെന്നുള്ളതു് അത്ര സ്പഷ്ടമായിരുന്നെങ്കിൽ ഈ കരുതലുകളെല്ലാം എന്തിനു'?

കൂടാതെ, അപ്പോസ്തോലന്മാർ യേരുശലേം, അന്ത്യോക്യാ, കൊരിന്തു് മുതലായ സ്ഥലങ്ങളിൽ അവർ സ്ഥാപിച്ച സഭകളുടെ നിലനിൽപ്പിനുവേണ്ടി ആലോചിക്കുകയും, പ്രവർത്തിക്കുകയും, സംഘടിക്കുകയും ചെയ്തിരുന്നു. പ്രധാനപ്പെട്ട കാര്യങ്ങൾ വരുമ്പോൾ ഒരുമിച്ചു കൂടി ആലോചന നടത്തിവന്നു. അപ്രകാരം ജാതി ക്രിസ്ത്യാനികൾ അവലംബിക്കേണ്ട രീതികളെപ്പററി തീരുമാനിക്കുവാൻ യെരുശലേമിൽ അപ്പോസ്തോലന്മാരുടെയും മററും ഒരു സുന്നഹദോസ് കൂടിയതായി അപ്പോ: 15-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. ആഴ്ചവട്ടത്തിൻെറ ഒന്നാം നാളിൽ കൂടിവരുന്ന പതിവും (അപ്പോ. 20:7), മാമോദീസാ (അപ്പോ: 2:41; 8:12, 13, 38; 9:18), അപ്പം നുറുക്കുക (അപ്പോ. 2:42–46) മുതലായ കർമ്മങ്ങളും, ചില ചില പാരമ്പര്യങ്ങളും,

## മിഷൻ കോൺഫറൻസ് തിരുവല്ലായിൽ

തിരുവല്ലാ: ആത്മിക ഉണർവും, സുവിശേഷീകരണവും ലക്ഷ്യമാക്കികൊണ്ട് 1988 ഡിസംബർ ഒന്നുമുതൽ മൂന്നുവരെ തിരുവല്ലാ നവജീവോദയം സെൻററിൽ വച്ച് ഒരു മിഷൻ കോൺഫറൻസ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു സുവിശേഷവേലയിൽ ഏർപ്പെട്ടരിക്കുന്നവർക്കും, മിഷനറി പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർക്കും കോൺഫറൻസിൽ മുൻഗണന നൽകുന്നതാണ്. വിവിധ മിഷനറി പ്രസ്ഥാനങ്ങളുടെ നേതാക്കൻമാരും, സഭാ നേതാക്കൻമാരും സമ്മേളനത്തിനു നേതൃത്വം നല്കും. സമ്മേളനത്തിൽ പങ്കെടുക്കണമെന്നാഗ്രഹിക്കുന്നവർ, സെക്രട്ടറി, മിഷൻ കോൺഫറൻസ് 88 പി.ബി. നമ്പർ 16; തിരുവല്ലാ 1 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

## അമൃതബിന്ദുക്കൾ



നൂററിഒന്ന്

നര, കാലം ശിരസ്സിന്നെ
ധരിപ്പിക്കും കിരീടമാം.

നൂററിരണ്ട്

കലഹിച്ചു കഴിച്ചീടും
അമൃതും വിഷതുല്യമാം.

നൂററിമൂന്ന്

സ്നേഹത്തിൻെറ വിരുന്നല്ലേ
മോദമുള്ളിൽ പകന്നിടൂ.

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

## എത്യോപ്യൻ പാത്രിയർക്കീസിൻെറ സ്ഥാനാരോഹണത്തിൽ പ: ബസേലിയോസ് മാർത്തോമാമാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് അയച്ച ആശംസാസന്ദേശം

In the Blessed Name of the Father, the Son and the Holy Spirit, One true God, for ever and ever, Amen.

Fraternal and Respectful Greetings to our Beloved Brother in the Lord, His Holiness Abuna Merkorios, Patriarch of Ethiopia.

Dearly Beloved Brother in Christ, Your Holiness,

We greet Your Holiness with great joy on the occasion of the Enthronement of Your Holiness as Chief Shepherd and Patriarch of our ancient and honoured sister Orthodox Church of Ethiopia. On behalf of our Holy Episcopal Synod, of our priests and people and on our own behalf as Catholicos of The East and Malankara Metropolitan, we send to Your Holiness our most heartfelt felicitations and sincere good wishes for a long and fruitful ministry in the service of Your people.

Because of our advanced age and uncertain health we are ourselves unable to be present with Your Holiness on this joyous occasion. Our brother His Grace Dr. Paulose Mar Gregorios, Metropolitan of Delhi and the Secretary for Inter-Church Relations of our Holy Episcopal Synod will represent us and our Church on the occasion.

we hold our beloved sister Orthodox Church of Ethiopia in high esteem and sincere affection Our two churches have passed through the great vicissitudes of history, and God has been merciful in preserving us in true faith through the centuries.

May the Holy Spirit grant Your Holiness the fullness of His gifts, and keep you, strengthen you and guide you. May the Lord bless all your bishops, priests and people. We dare express our wish and our hope that Your Holiness will soon be enabled by God to bless our Church and our people with a personal visit in the near future.

Your Brother in the Lord
Sd/-
Baselius Mar Thoma Mathews I
Catholicos of the East.

Kottayam
September 1, 1988.

# ENTHRONMENT OF PATRIARCH MERKORIOS OF ETHIOPIA

**Paulos Mar Gregorios of Delhi**

Patriarch Abuna Merkorios (Mercurius, but not Makarios) of Ethiopia was enthroned at an impressive ceremony at the Holy Trinity Cathedral in Addis Ababa on Sunday, September 4th, 1988 (Nahasse 29th, 1980 in the Ethiopian Calendar).

Abuna Merkorios is the fourth Ethiopian Patriarch. The Ethiopian Orthodox Patriarchate was established only in 1959 by agreement between the Government and Church of Ethiopia on the one hand and the Coptic Orthodox Church on the other. Previous to that the huge Ethiopian Church was governed by one Coptic bishop sent from Alexandria. The false Nicene canons prohibited the consecration of an Ethiopian as bishop, till right into the 20th century.

It was only in 1930 that the Copts gave Ethiopia four bishops from among Ethiopian monks and scholars. In 1951, years after liberation from Mussolini's Italian occupation of Ethiopia, the Copts agreed to raise one of the four bishops, Abuna Baselios, to the rank of Archbishop of Ethiopia. In 1959 finally Abuna Baselios was raised to the rank of Patriarch of Ethiopia. The Coptic Pope of Alexandria presided over the enthronement.

When Abuna Baselios passed away Abuna Theophilos was enthroned as Patriarch. In 1974 during the Revolution Patriarch Abuna Theophilos was arrested and put in prison in the Jubilee Palace. He was given considerable freedom, including that of going to the neighbouring St. Stephen's Church. Patriarch Abuna Theophilos misused this freedom to effect an escape from the Church, and was promptly re-arrested the next day in his sister's house. He was put under more rigorous conditions of imprisonment.

The Church leadership was in utter confusion at this point, and without even proceeding to depose Patriarch Theophilos, elected his successor, the late third Patriarch Abuna Tekle Haimanót. The Copts refused to acknowledge this election and consecration on the ground that the previous Patriarch was still alive and not officially deposed. The Ethiopian Synod later corrected its mistake by making a formal decision to depose Patriarch Theophilos. This decision, coming after the election and consecration of Abuna Tekle Haimanot (was a monk-priest at the time of his election) was regarded as irregular, and Pope Shenooda of Alexandria cut off all relations with the Ethiopian Church. Up to this date the Coptic Church has not responded to any communication from the Ethiopian Church. The Copts did not send anyone to represent their Church on the occasion of the enthronement of Abuna Merkorious Neither did they respond to the telegram about the passing away of Patriarch Abuna Tekle Haimanot in the first week of June 1988. The Syrians also have not responded and were absent from the Enthronement Ceremony on September 4th 1988.

There was double appreciation therefore of the presence of Armenian Bishop David of Paris representing Catholicos Vazken of Etchmiadzin and Mar Gregorios of Delhi representing The Catholicos of the East. Both of us participated in the Eucharistic liturgy and in the service of enthronement on September 4th. A great deal of appreciation was expressed by the Ethiopian Orthodox bishops for this participation.

The ceremony was rather simple and improvised. Since Abuna Merkorios was already a bishop, there was no need for consecration, but only for *Sunthronitho*. In the middle of the Eucharistic liturgy, after the liturgy of the word, the bishops gathered around the *bema* where the Patriarch-elect was seated. After some hymns and chants several archbishops prayed various prayers including Armenian Bishop David and Indian Metropolitan Mar Gregorios.

Afterwards the Patriarch was vested on the bema and was crowned with an ecclesiastical crown. Prayers were said over the pastoral staff, and all the bishops (including the Armenian and the Indian) held the pastoral staff together, while the patriarch took hold of it. After that he gave his homologion, and then went up to the thronos and completed the Eucharistic liturgy in which the two foreign bishops also participated by reading certain prayers. Ambassadors of many countries were present, including the Ambassador of India.

While the Syrian and Coptic churches were notably absent, there was an Italian bishop representing the Vatican and the Pope, an English bishop representing the Anglican Communion and Arch bishop Runcie, and a Russian Orthodox bishop representing Patriarch Pimen and the Russion Orthodox Church. Fr. Ion Bria represented the World Council of Churches. There were also representatives from the Ecumenical Patriarchate, the Greek Patriarchate of Alexandria and from the Lutheran World Federation. Huge crowds were present as well as all the 28 bishops present in the country (one in the North, Abuna Yuhannes, was too infirm to come). Three bishops outside Ethiopia could also not come.

During the public meeting following the enthronement, the first two messages of felicitations to be read were from Catholicos Vazgen of Armenia and Catholicos Baselios of India. The Greek Orthodox and Russian Orthodox patriarchates followed. After that the Roman Catholic, Anglican, WCC and Lutheran. There were several reception, luncheons and dinners for three days of celebrations.

### A Brief Account of the Patriarch

Abuna Merkorios is 50 years of age (born 1938). His baptismal name was Zelibanos. He is from the Debre Tabor district of Gondar province.

He had his traditional Ethiopian education from some of the great church teachers of the country— a process of some 8 years

(ശേഷം 6-ാം പേജിൽ)

# ബത്തേരിയിൽ അദ്ധ്യാപക പരിശീലന ക്യാമ്പ്

സുൽത്താൻബത്തേരി: ഭദ്രാസനത്തിലുള്ള സണ്ടേസ്കൂൾ അദ്ധ്യാപർക്കായി അദ്ധ്യാപക പരിശീലന ക്യാമ്പ് 1988 ആഗസ്റ്റ് 21, 22, 23 ദിവസങ്ങളിൽ ബത്തേരി സെൻറ് മേരീസ് കോളജിൽവച്ച് നടത്തി. ക്യാമ്പിൽ ഭദ്രാസനത്തിലുള്ള നൂററിഎൺപതു് അദ്ധ്യാപകർ സംബന്ധിച്ചു.

സണ്ടേസ്കൂൾ അദ്ധ്യാപകർ അറിഞ്ഞിരിക്കേണ്ട അദ്ധ്യാപന രീതികളെപ്പററി ഫാ. സി. ഒ. വർഗ്ഗീസും (ഓർത്തഡോക്സ് വൈദിക സെമിനാരി) സഭയിലെ കൂദാശകളെപ്പററി ഫാ. ഡോ. ബേബി വർഗ്ഗീസും (ഓർത്തഡോക്സ് വൈദിക സെമിനാരി) ആചാര്യത്വത്തെപ്പററി ഫാ. തോമാ (സഞ്ചാരമിഷനറി)യും ക്ലാസ്സെടുത്തു. ക്ലാസ്സുകളെ തുടന്ന് പഠിപ്പിച്ച വിഷയങ്ങളെപ്പററി സജീവമായ ചർച്ചയും നടന്നു.

ക്യാമ്പിൻെറ ഉൽഘാടന സമ്മേളനം ആഗസ്റ്റ് 21 ഞായറാഴ്ച വൈകിട്ട് 5.30 ന് ആരംഭിച്ചു. മലങ്കര സഭാ വൈദിക ട്രസ്റ്റി ഫാ. മത്തായി നൂറനാൽ ക്യാമ്പ് പരിപാടികൾ ഔപചാരികമായി ഉൽഘാടനം ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ ഭദ്രാസന സെക്രട്ടറി ഫാ. പുന്നൂസ് മോഡിശ്ശേരിൽ ആദ്ധ്യക്ഷം വഹിച്ചു. ക്യാമ്പിന് ആശംസകൾ അർപ്പിച്ചുകൊണ്ട് ഫാ. പി. വി. സ്റ്റീഫൻ, ഫാ. എടേക്കാട്ടിൽ, ഫാ. എ. കെ. വർഗ്ഗീസ്, സഭാ മാനേജിംഗ് കമ്മിററി അംഗം കെ. ഒ. പീററർ എന്നിവർ സംസാരിച്ചു. ഭദ്രാസന ഡയറക്ടർ പ്രൊഫ. എസ്. നൈനാൻ സമ്മേളനത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്തു. മീനങ്ങാടി ഇൻസ്പെക്ടർ എ. ജെ. മത്തായി നന്ദി രേഖപ്പെടുത്തി.

ക്യാമ്പിൽ നടത്തിയ മത്സരങ്ങളിൽ പ്രസംഗത്തിന് പി. പി. അന്നക്കുട്ടി (കേളകം) പി. പി. ലാലി (മീനങ്ങാടി) എം. വി. പൗലൂസ് (മാനന്തവാടി) എന്നിവരും; സംഗീതത്തിന് എ പി. ബാബു (താളൂർ) എ പി. മിനി (താളൂർ) ടി. വി. ബോസ് (കടൽമാട്ട്) എന്നിവരും സമ്മാനങ്ങൾ കരസ്ഥമാക്കി വിജയികൾക്കുള്ള സമ്മാനങ്ങൾ ബത്തേരി ടൗണിലുള്ള 'രമ്യ', സ്റ്റീൽ വ്യാപാരികളും 'ഇ. എം. സ്റ്റോഴ്സു'കാരും സംഭാവന ചെയ്തു.

എ. ജെ. മത്തായിയും; എം. വി. പൗലൂസും ക്യാമ്പിൽ നിരൂപണ ക്ലാസ്സുകൾ അവതരിപ്പിച്ചു.

ക്യാമ്പിൽ പ്രോഗ്രാം കാര്യങ്ങൾ, താമസസൗകര്യങ്ങൾ, അച്ചടക്ക കാര്യങ്ങൾ, ഭക്ഷണ കാര്യങ്ങൾ എന്നിവ ക്രമീകരിച്ചതു് പ്രൊഫ. ടി. ടി. തോമസ്; ഫാ. തോമസ് പി. യോഹന്നാൻ; വി. വർഗ്ഗീസ് (മാനന്തവാടി) റവ. സിസ്റ്റർ ശലോമി എന്നിവരുടെ നേതൃത്വത്തിലുള്ള ഓരോ സംഘം അദ്ധ്യാപകരാണ്. സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ വി. ജി. മത്തായിയുടെ നേതൃത്വത്തിൽ അവിടത്തെ അദ്ധ്യാപകർ വോളണ്ടിയറൻമാരായി പ്രവർത്തിച്ചു.

ക്യാമ്പ് ദിവസങ്ങളിൽ ഭദ്രാസനത്തിലുള്ള ഭൂരിപക്ഷം വൈദികരും ക്യാമ്പ് സന്ദർശിച്ചതും ചർച്ചകളിലും മററും പങ്കെടുത്തതും ക്യാമ്പ് അംഗങ്ങൾക്ക് ആവേശം നൽകി. ക്യാമ്പ് വിജയത്തിനായി ഭദ്രാസനത്തിലെ ഇൻസ്പെക്ടറന്മാരും അദ്ധ്യാപക പ്രതിനിധികളും കഠിനാദ്ധ്വാനം ചെയ്തു'

ബത്തേരിയിലെ 'വനിത' സ്വർണ്ണ വ്യാപാരികൾ ക്യാമ്പിൽ സംബന്ധിച്ചവർക്ക് ഫയൽ നൽകി.

ക്യാമ്പിൻെറ അവസാന ദിവസം രാവിലെ കോളേജ് ചാപ്പലിൽ ഫാ. തോമാ വിശുദ്ധ കർബ്ബാന അർപ്പിച്ചു.

ക്യാമ്പിൻെറ സമാപന സമ്മേളനത്തിൽ വെരി റവ. പൗലൂസ് പൂമററത്തിൽ കോർ എപ്പിസ്കോപ്പ ആദ്ധ്യക്ഷം വഹിച്ചു.

വിവിധ ഡിസ്ട്രിക്ററുകളുടെ പ്രതിനിധികൾ ക്യാമ്പിനെപ്പററിയുള്ള അവലോകനം നടത്തി.

## ഏബ്രഹാം മത്തായിക്കു് അനുമോദനം

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭാ വൈദിക ട്രസ്റ്റി ഫാ: മത്തായി നൂറനാലിൻെറ മകൻ ഏബ്രഹാം മത്തായി (ഐ. പി. എസ്) ഇൻഡ്യൻ പ്രധാനമന്ത്രിയുടെ സെക്യൂരിററി സ്റ്റാഫിൽ അസിസ്റ്റൻറ് ഡയറക്ടറായി നിയമിതനായതിൽ സഭാ മാനേജിംഗ് കമ്മററി അനുമോദനം രേഖപ്പെടുത്തി. റമ്പാൻ തെയോഫോറോസ് കോർ എപ്പിസ്കോപ്പാ മാനേജിംഗ് കമ്മററിയിൽ അനുമോദനപ്രസംഗം നടത്തി.

## കോർ എപ്പിസ്ക്കോപ്പാ സ്ഥാനം നല്കി

അങ്കമാലി: മലങ്കര ഓർത്തഡോക്സ് സഭയിലെ ഫാ: ഓ. സി. വറുഗീസ്, ഫാ: കെ. സി. സഖറിയാ, ഫാ: ജേക്കബ് മണ്ണാറപ്രായിൽ എന്നീ പ്രമുഖ വൈദീകരെ സമുന്നതമായ കോർ–എപ്പിസ്കോപ്പാ പദവിയിലേയ്ക്കു് ഉയർത്തിയിരിക്കുന്നു.

അങ്കമാലി ഭദ്രാസനാസ്ഥാനമായ ആലുവാ തൃക്കുന്നത്തു് സിമ്മനാരിയിൽ ഡോ: പീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ ആരംഭിച്ച പ്രാർത്ഥനയോടും വി: കുർബ്ബാനയോടും അനുബന്ധിച്ച് നടന്ന സ്ഥാനാരോഹണ ശുശ്രൂഷകൾക്ക് സഭയുടെ പരമാദ്ധ്യക്ഷൻ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പ്രധാന കാർമ്മീകത്വം വഹിച്ചു. പീലിപ്പോസ് മാർ തെയോഫിലോസ്, മാത്യൂസ് മാർ ബെർണ്ണബാസ്സ്, പൗലോസ് മാർ മിലീത്തിയോസ് എന്നീ മേല്പട്ടക്കാരും അനേകം വൈദീകരും സഹകാർമ്മികത്വം വഹിച്ചു.

പരിശുദ്ധ സഭയ്ക്കും, സമൂഹത്തിനും ഈ വൈദികർ നല്കിയിട്ടുള്ള മഹത്തായ സേവനങ്ങളെ പരിഗണിച്ച് അർഹതയ്ക്കുള്ള അംഗീകാരമെന്ന നിലയ്ക്കാണീ സമുന്നതപദവി നല്കിയിരിക്കുന്നതെന്നു് അനുമോദന സമ്മേളനം ഉത്ഘാടനം ചെയ്തുകൊണ്ട് പ. കാതോലിക്കാ ബാവാ പ്രസ്താവിച്ചു. ആരാദ്ധ്യരും, ഊർജ്ജസ്വലരും, ഉത്തമ വ്യക്തിത്വത്തിൻെറ ഉടമകളാണ് അഭിനവ കോർ-എപ്പിസ്ക്കോപ്പമാർ എന്ന് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ തൻെറ അദ്ധ്യക്ഷപ്രസംഗത്തിൽ വ്യക്തമാക്കി മുനിസിപ്പൽ ചെയർമാൻ ആലുവാ നഗര സഭയുടെ ആശംസകളും അഭിനനന്ദങ്ങളും അറിയിച്ചു. ഫാ. ജോസഫ് വെണ്ടറപ്പിള്ളി, ഫാ. ജോൺ തോമസ്, ഡബ്ല്യു. ഒ. ജോർജ്ജ്, പ്രൊഫ. പി. സി. ഏലിയാസ്, എം. വി. ആർ. നായർ, ടി. എം. വറുഗീസ് എന്നിവരും ആശംസകൾ അർപ്പിച്ചു.

വിളിക്കപ്പെട്ട വിളിക്ക് യോഗ്യമാകുന്ന പ്രകാരം സകല മനോവിനയത്തോടും ശാന്തതയോടും കൂടെ സഭയുടെ സ്വാതന്ത്ര്യത്തിനും കാതോലിക്കാ സിംഹാസനത്തിൻെറ പുകഴ്ച്ചയ്ക്കും അനുയോജ്യമായവിധം പരി: സുന്നഹദോസിന് വിധേയമായി തങ്ങൾ പ്രവർത്തിക്കുന്നതാണെന്നു് അനുമോദനങ്ങൾക്ക് നന്ദി പറഞ്ഞുകൊണ്ടു് മണ്ണാറപ്രായിൽ ജേക്കബ് കോർ–എപ്പിസ്ക്കോപ്പാ വ്യക്തമാക്കി

ദീർഘകാലത്തെ സ്തുത്യർഹമായ സേവനത്തെ മാനിച്ച് സിമ്മനാരി പള്ളി അംഗങ്ങളുടെ വകയായി ഒരു സ്വർണ്ണ കുരിശുമാല ട്രസ്റ്റി സി. പി. ചെറിയാൻ മണ്ണാറപ്രായിൽ കോർ–എപ്പിസ്ക്കോപ്പായെ അണിയിച്ചു. എം. സി. വറുഗീസ് സ്വാഗതം പറഞ്ഞു.

## ENTHRONMENT OF PATRIARCH ........

(5-ാംപേജിൽനിന്നും തുടർച്ച)

of education. At 14 he was made a deacon, and then continued advanced education–under great teachers in several monasteries–a further 10 years of education in the traditional Ethiopian manner.

He then taught for seven years in his own monastery, while performing also various handicrafts. He later came to Addis Ababa, and served in various parishes in the country. In 1979 he was ordained bishop at the age of 41. He served first as Bishop of Ogaden (near Somalia)and then as Bishop of Gondar. He was promoted to the rank of Archbishop after one year. since his work was outstanding.

He constructed 43 new churches and renovated 185 other churches. He has got published several traditional liturgical and other books. He also engaged in an extensive programme of social work including establishing seedling nurseries for reforestation, built schools for training the poor in knitting, weaving, embroidery and tailoring, provided many villages with flour mills, had many wells dug and water-pumps installed, built parish halls for preaching and Sunday School teaching, and reorganized parish councils, in all his parishes, while he served as Archbishop.

In 1987 Archbishop Merkorios was nominated to the Parliament of his province and is also a member of the National Parliament (Shengo).

## ശ്രാദ്ധപ്പെരുന്നാൾ ആചരിച്ചു

കോട്ടയം: പാമ്പാടി ദയറാ ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന കോട്ടയം ഇടവകയുടെ മുൻമെത്രാപ്പോലീത്താ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമനസ്സിലെ 8-ാം ഓർമ്മപ്പെരുനാൾ ആഗസ്റ്റ് 30, 31 തീയതികളിൽ ആചരിച്ചു.

31-ാം തീയതി രാവിലെ പ: കാതോലിക്കാബാവായുടെ സാന്നിദ്ധ്യത്തിൽ കോട്ടയം ഇടവകയുടെ ഗീവറുഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വി: കർബാന അർപ്പിച്ചു. തുടന്ന് പ്രദക്ഷിണവും നേർച്ചവിളമ്പും നടത്തി. റമ്പാൻ തെയോഫോറോസ് കോർ എപ്പിസ്ക്കോപ്പായും ചടങ്ങിൽ പങ്കെടുത്തു.

# ബഥാന്യ ഉദ്ഘാടനംചെയ്തു

(സ്വന്തം പ്രതിനിധി)

കുഴിമററം: ബാഹ്യകേരള ഭദ്രാസന മെത്രാപ്പോലീത്തായും, ബഥനി ആശ്രമപ്രസ്ഥാനങ്ങളുടെ സംരക്ഷക പിതാവുമായിരുന്ന കാലം ചെയ്ത അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി സ്മാരകമായി കുഴിമററം ബഥനി ആശ്രമത്തോട് ചേർന്നു് ആരംഭിക്കുന്ന ബഥാന്യ എന്ന വൃദ്ധഭവനത്തിൻെറ ഉദ്ഘാടനം ആഗസ്റ്റ് 29 ന് പ: ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു.

ഭാരതത്തിനകത്തും പുറത്തും ക്രിസ്തുസന്ദേശം പരത്തുവാൻ മെത്രാപ്പോലീത്താ സഹിച്ച ത്യാഗങ്ങൾ പ: ബാവാ അനുസ്മരിച്ചു. ജീവിത സായാഹ്നത്തിൽ സമാധാനം തേടുന്നവർക്ക് പുണ്യശ്ലോകനായ തിരുമേനിയുടെ നാമത്തിൽ ഒരു അഭയകേന്ദ്രം ഉണ്ടായതിൽ പ: ബാവാ സന്തുഷ്ടി പ്രകടിപ്പിക്കുകയും, ആശംസകളർപ്പിക്കുകയും ചെയ്തു.

ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ; സി. വി. ജോർജ്ജ് കോർ എപ്പിസ്കോപ്പാ; ഫാ: ടി. ജെ ജോഷ്വാ; സ്വാമി ത്രിരത്ത തീർത്ഥൻ, പോൾ മത്തായി; അഡ്വ: എ. ഇസഡ്. ജേക്കബ് എന്നിവർ പ്രസംഗിച്ചു.

ഡോ: സാമുവേൽ ചന്ദനപ്പള്ളി രചിച്ച ''അലക്സിയോസ് മാർ തേവോദോസ്യോസ്'' എന്ന ഗ്രന്ഥത്തിൻെറ പ്രകാശനം സമുദായ ട്രസ്റ്റി പി. സി. ഏബ്രഹാമിന് ഒരു പ്രതി നല്കിക്കൊണ്ട് ഡോ: കെ. എം. തരകൻ നിർവ്വഹിച്ചു.

ഫാ. കര്യാക്കോസ് (ഒ. ഐ. സി) സ്വാഗതവും, ഫാ: പൗലോസ് (ഒ. ഐ. സി) നന്ദിയും പറഞ്ഞു.

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038